**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2468** **12-10-2021 - ൽ മറുപടിയ്ക്ക്**

**കെൽട്രോൺ മുഖേന വെന്റിലേറ്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കെൽട്രോൺ മുഖേന വ്യാവസായിക അടിസ്ഥാനത്തിൽ വെന്റിലേറ്റർ നിർമ്മിച്ച് വിതരണം ചെയ്യുവാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ? | (എ) | കെൽട്രോൺ മുഖേന വ്യാവസായിക അടിസ്ഥാനത്തിൽ വെന്റിലേറ്റർ നിർമ്മിച്ച് വിതരണം ചെയ്യുവാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് സാങ്കേ-തിക സഹായം ലഭിക്കുന്നതിനായി കെൽട്രോണും DEBEL/DRDO ബാംഗ്ലൂർ ഓഫീസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഈ ധാരണാപത്രം പ്രകാരം DEBEL- ന്റെ സാങ്കേതിക സഹായത്തോടുകൂടി പ്രവർത്തന മാതൃകയിലുള്ള ഒരു വെന്റിലേറ്റർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. അതിനാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്ന പ്രവർത്തനവും, DEBEL- ന്റെ മേൽനോട്ടത്തിൽ വെന്റിലേറ്ററിന്റെ ഹാർഡ്‌വെയർ / സോഫ്റ്റ്‌വെയർ ഡിസൈൻ ചെയ്യുന്ന പ്രവർത്തനവും പുരോഗമിക്കുന്നു. വെന്റിലേറ്ററിന്റെ ഡിസൈൻ തയ്യാറാക്കിയ ശേഷം അതിന്റെ പ്രവർത്തന മോഡൽ DEBEL അംഗീകരിക്കുന്ന മുറയ്ക്ക് യഥാർത്ഥ മോഡൽ തയ്യാറാക്കി ക്ലിനിക്കൽ ട്രയൽസിന് സമർപ്പിക്കുവാനാണ് കെൽട്രോൺ ഉദ്ദേശിക്കുന്നത്. ക്ലിനിക്കൽ ട്രയൽസ് വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് വിവിധ അംഗീകൃത ഏജൻസികളുടെ സഹായത്തോടെ വെന്റിലേറ്റർ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം ചെയ്യുന്നതായിരിക്കും. കോവിഡ് മഹാമാരി കാരണം ആഗോളവിപണിയിലുണ്ടായ ഇലക്ട്രോണിക്സ് അസംസ്കൃത വസ്തുക്ക-ളുടെ ലഭ്യതക്കുറവാണ് പദ്ധതി പൂർത്തീകരണത്തിന് തടസ്സമായി നിൽക്കുന്നത്. ഇവയെല്ലാം തരണം ചെയ്ത് ഈ സാമ്പത്തിക വർഷം തന്നെ വെന്റിലേറ്റർ വിപണിയിലെത്തിക്ക-വാനാണ് കെൽട്രോൺ പരിശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ